**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5839** **16-03-2023 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾ വിപുലീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന സുഭിക്ഷ ഹോട്ടലുകൾ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | (എ) | വിശപ്പ രഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കായ 20/-രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിനു പുറമേ മറ്റു വിഭവങ്ങൾ സ്പെഷ്യൽ ആയും, പ്രഭാത ഭക്ഷണവും, സായാഹ്ന ഭക്ഷണവും ജില്ലാ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി ന്യായമായ നിരക്കിൽ വിതരണം നടത്തി വരുന്നു. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സംഘടനകൾ, സഹകരണ സംഘങ്ങൾ എന്നിവരെ ഹോട്ടൽ നടത്തിപ്പിനായി പരിഗണിക്കുന്നുണ്ട്. |
| (ബി) | യുവസംരംഭകരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വിശപ്പ രഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കായ 20/-രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിനു പുറമേ മറ്റു വിഭവങ്ങൾ സ്പെഷ്യൽ ആയും, പ്രഭാത ഭക്ഷണവും, സായാഹ്ന ഭക്ഷണവും ജില്ലാ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി ന്യായമായ നിരക്കിൽ വിതരണം നടത്തി വരുന്നു. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സംഘടനകൾ, സഹകരണ സംഘങ്ങൾ എന്നിവരെ ഹോട്ടൽ നടത്തിപ്പിനായി പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ